

FRIDAY 13/09/2024 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


**Chief Editor:** Nizam S A **Editor:** Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 13/09/2024

1. കൃഷി വകുപ്പ് സംസ്ഥാന വ്യാപകമായി നടപ്പിലാക്കിയ 2000 ഓണച്ചന്തകളിൽ പഴം, പച്ചക്കറികൾക്ക് 30 ശതമാനം വരെ വിലക്കുറവുണ്ടാകും.സഞ്ചരിക്കുന്ന വിൽപ്പനശാലകളും ഇതോടനുബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്.

2. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ മലപ്പുറം ജില്ലയിലെ പുതിയ അംഗങ്ങളെ ചേർക്കുന്നതിനായി മേലാറ്റൂർ, എടപ്പറ്റ, വെട്ടത്തൂർ വില്ലേജുകളിൽ നിന്നുള്ള അപേക്ഷകൾ ഒക്ടോബർ 10 നും കീഴാറ്റൂർ, നെന്മിനി, കാര്യവട്ടം വില്ലേജുകളിൽ നിന്നുള്ള അപേക്ഷകൾ ഒക്ടോബർ 14 നും പുലാമന്തോൾ, ഏലംകുളം, കുരുവമ്പലം വില്ലേജുകളിൽ നിന്നുള്ള അപേക്ഷകൾ ഒക്ടോബർ 16 നും മങ്കട, വടക്കാങ്ങര, കുറുവ വില്ലേജുകളിൽ നിന്നുള്ള അപേക്ഷകൾ ഒക്ടോബർ 21 നും വേങ്ങര, കണ്ണമംഗലം, ഊരകം, പറപ്പൂർ വില്ലേജുകളിൽ നിന്നുള്ള അപേക്ഷകൾ നവംബർ ഏഴിനും തേഞ്ഞിപ്പലം, ചേലേമ്പ്ര, പള്ളിക്കൽ വില്ലേജുകളിൽ നിന്നുള്ള അപേക്ഷകൾ നവംബർ 11 നും എ.ആർ.നഗർ,മുന്നിയൂർ, പെരുവള്ളൂർ വില്ലേജുകളിൽ നിന്നുള്ള അപേക്ഷകൾ നവംബർ 18 നും മലപ്പുറത്തെ കർഷക തൊഴിലാളി ക്ഷേമനിധി ഓഫീസിൽ എത്തിക്കണമെന്ന് ജില്ലാ എക്സിക്യൂട്ടിവ് ഓഫീസർ അറിയിച്ചു.

3. വന്യജീവി വാരാഘോഷത്തോടനുബന്ധിച്ച് സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ ആഭിമുഖ്യത്തിൽ മലപ്പുറം കോട്ടക്കുന്ന് ആർട്ട് ഗ്യാലറിയിൽ സംഘടിപ്പിക്കുന്ന ഫോട്ടോ പ്രദർശനത്തിൽ വന്യജീവി ഫോട്ടോഗ്രാഫർമാർക്ക് പങ്കാളികളാവാം. തൃശ്ശൂർ ലളിത കലാ അക്കാദമിയുമായി ചേർന്ന് ഒക്ടോബർ അഞ്ചു മുതൽ എട്ടു വരെയുള്ള ദിവസങ്ങളിലാണ് ഫോട്ടോ പ്രദർശനം നടക്കുക. മലപ്പുറം ജില്ലയിലെ വന്യജീവി ഫോട്ടോഗ്രാഫർമാരുടെ ഫോട്ടോകളാണ് പ്രദർശനത്തിന് ഒരുക്കുന്നത്. 'പശ്ചിമഘട്ടവും വന്യജീവികളും', 'കാടിനു

പുറത്തെ കാടറിവുകൾ' എന്നീ വിഷയങ്ങളിലുള്ള ഫോട്ടോ പ്രദർശനത്തിൽ ഫോട്ടോകൾ പ്രദർശിപ്പിച്ച് പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ മലപ്പുറം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ സെപ്റ്റംബർ 25 ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0483-2734803, 8547603864, 9048135953, 8547603857

4. കാർഷിക സർവ്വകലാശാല കാർഷിക കോളേജ് പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ വഴുതന, മുളക്, പുതിന, മുരിങ്ങ കട്ടിങ്സ് എന്നിവ ലഭ്യമാണ്. വില്പന സമയം രാവിലെ 9:00 മണി മുതൽ 4 മണി വരെയായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9188248481.

5. കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിലുള്ള പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം കുമരകത്ത് 2024- 25 അധ്യയന വർഷത്തേക്ക് കാർഷിക ബിരുദം(ഓണേഴ്സ്) കോഴ്സിലേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 19.10.2024 വിശദവിവരങ്ങൾക്ക് ഠഠഠ.മറാശശൈെീ.സമൗ.ശി എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടുതൽ അന്വേഷണങ്ങൾക്ക് 0487 2438139എന്ന നമ്പറിൽ ഓഫീസ് സമയത്ത് ബന്ധപ്പെടുക

### പരിശീലന പരിപാടി

6. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രം 19.09.2024 മുതൽ Microirrigation എന്ന വിഷയത്തിൽ 5 ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താത്പ്പര്യമുള്ളവർ 0466 2212279, 0466 29122008, 6282937809 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടുക

7. റബ്ബറുത്പന്നനിർമാണമേഖലയിൽ നൂതനാശയങ്ങൾ പ്രാവർത്തികമാക്കുന്നതിന് സംരംഭകരെ സഹായിക്കുന്നതിനും നൂതന ഉത്പന്നങ്ങൾ വികസിപ്പിക്കുന്നതിനുമായി ഇന്ത്യൻ റബ്ബർഗവേഷണ കേന്ദ്രത്തിൽ ആരംഭിച്ച റബ്ബർ പ്രൊഡക്ട്സ് ഇൻകുബേഷൻ സെന്ററിന്റെ (ആർപിഐസി) പ്രവർത്തനങ്ങളെക്കുറിച്ചറിയാനും സംശയങ്ങൾ ദൂരീകരിക്കാനും റബ്ബർബോർഡ് കോൾ സെന്ററുമായി ബന്ധപ്പെടാം. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് 2024 സെപ്റ്റംബർ 13 വെള്ളിയാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഇന്ത്യൻ റബ്ബർ ഗവേഷണ കേന്ദ്രത്തിലെ സീനിയർ സയിന്റിസ്റ്റ് ഫോണിലൂടെ മറുപടി നൽകും. കോൾ സെന്റർ നമ്പർ 0481 2576622.

8. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതിചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീരപരിശീലന കേന്ദ്രത്തിൽ വെച്ച് 23.09.2024 മുതൽ 27.09.2024 വരെയുള്ള തീയതികളിലായി കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീരകർഷകർക്ക് 'ശാസ്ത്രീയമായ പശുപരിപാലനം' എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തപ്പെടുന്നു. രജിസ്ട്രേഷൻ ഫീസ് 20രൂപ. ആധാർ കാർഡിന്റെയും ബാങ്ക് പാസ്സ്ബുക്കിൻ്റെയും പകർപ്പുകൾ പരിശീലന സമയത്ത് ഹാജരാക്കുന്നവർക്ക് ദിനബത്ത, യാത്രാബത്ത എന്നിവ ലഭിക്കുന്നതാണ്. പരിശീലനത്തിന് താത്പര്യമുള്ളവർ 20.09.2024ന് വൈകുന്നേരം 5 മണിക്ക് മുൻപായി 0495-2414579, 9645922324 എന്നീ ഫോൺ നമ്പറുകൾ മുഖാന്തരമോ നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.പരിശീലനത്തിന് പങ്കെടുക്കുന്നതിനുള്ള അവസരം കൺഫർമേഷൻ ലഭിക്കുന്നവർക്ക് മാത്രം.